LIBRARY ARCHIVES Kerala Legislative Assembly

എന്നറിയുവാനും ടി കൃത്യത്തിലേർപ്പെടുന്ന വ്യക്തികളെയും വാഹനങ്ങളും ഉപകരണങ്ങളും കസ്റ്റഡിയിലെടുക്കുന്നതിനായി താലൂക്ക് തലത്തിലും റവന്യൂ, പോലീസ്, ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സ്ക്വാഡുകൾ രൂപീകരിക്കുകയും ടി സ്ക്വാഡുകൾ അനധികൃത കടവുകളിൽ പരിശോധന നടത്തുകയും ചെയ്യുന്നു. ഇതിനുപുറമേ നദികളിൽ രാത്രികാലങ്ങളിൽ പോലീസ് പട്രോളിഗും നടത്തിവരുന്നു.

(ബി) നിലവിലുള്ള ജില്ലാ വിദഗ്ദ്ധസമിതികളുടെ പ്രവർത്തനകാലം കഴിഞ്ഞിട്ടുണ്ടെങ്കിലും ആയത് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതുവരെ നിലവിലുള്ളത് കാര്യക്ഷമമായി പ്രവർത്തനം തുടരുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം കാലാവധി കഴിഞ്ഞ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) മുൻ ഖണ്ഡിക (എ) യിൽ പരാമർശിച്ചിട്ടുള്ള പ്രകാരം പ്രവർത്തികൾക്ക് ജില്ല വിദഗ്ദ്ധസമിതിയുടെ അംഗീകാരം സഹിതം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന ഉന്നതതല സമിതിയിൽ ചർച്ച ചെയ്ത് ശുപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ, ഭരണാനുമതി നൽകിവരുന്നു. ഇപ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഇതേവരെ 12314.89 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ, 2002-ലെ ചട്ടം (30) പ്രകാരം, CESS, CWDRM എന്നീ വിദഗ്ദ്ധ ഏജൻസികൾ മുഖേന എല്ലാ ജില്ലകളിലേയും നദികളിൽ സാന്റ് ആഡിറ്റ് നടത്തുന്നതിനുള്ള നടപടി 3 വർഷത്തിലൊരിക്കൽ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ എല്ലാ നദികളുടേയും സാന്റ് ആഡിറ്റ് നടത്തുവാൻ ആവശ്യമായ സ്റ്റാഫ് മേൽപ്പറഞ്ഞ രണ്ട് സ്ഥാപനങ്ങളിലും ഇല്ലാത്ത സാഹചര്യത്തിൽ ജില്ലകളിൽ ലഭ്യമായ സമാന സ്ഥാപനങ്ങളെക്കൊണ്ടോ, എഞ്ചിനീയറിംഗ് കോളേജുകളെക്കൊണ്ടോ ഇതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

വ്യവസായ വികസനത്തിന് പശ്ചാത്തല സൗകര്യമൊരുക്കാൻ പുതിയ കമ്പനി

144 (2174) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വികസനത്തിന് പശ്ചാത്തല സൗകര്യമൊരുക്കാൻ പുതിയ കമ്പനി രൂപീകരിക്കുമെന്ന് 2006-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ ; എങ്കിൽ ഇതിന് എത്ര രൂപയാണ് വകയിരുത്തിയിരുന്നത് ;

(ബി) ഈ പ്രഖ്യാപനം അനുസരിച്ച് കമ്പനി രൂപീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. 20 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വികസനത്തിന് പശ്ചാത്തല സൗകര്യമൊരുക്കുന്നതിനുവേണ്ടി ഇൻഫ്രാസ്ട്രക്ചേർസ് കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന പേരിൽ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിച്ചു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ലാഭം നേടിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

145 (2175) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ലാഭം നേടിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇവയിൽ ഏതിന്റെയെങ്കിലും വസ്തുവകകൾ വില്പന നടത്തിയോ, കൈമാറ്റം നടത്തിയോ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലാഭത്തോടുചേർത്തോ, കണക്കുകളിൽ കാണിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2007-08, 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിൽ ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. *(Annexure-1 (a), (b), (c)

(ബി) വ്യവസായവകുപ്പിന്റെ അധീനതയിൽ ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ Statutory Audit position ന്റെ വിവരം അനുബന്ധം -2 ആയി ചേർക്കുന്നു.

(സി) ഈ വിവരം ക്രോഡീകരിച്ചുവരുന്നു.

ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നൽകുന്ന ഇളവുകൾ

146 (2176) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട -ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly